നമുക്ക് കഴിയണം. അത് വളരെ ഗൗരവമായ രീതിയിൽതന്നെയാണ് ഗവൺമെന്റ് കാണുന്നത്. ആ രീതിയിൽ തന്നെ മുന്നോട്ട് പോകും.

ശ്രീ. ബാബു ദിവാകരൻ : സർ, ഈ ബാങ്കുകൾ പറയുന്നത് ബാങ്ക ബിൾ പ്രോജക്ടിന്റെ അഭാവംകൊണ്ട് ഇതു കൊടുക്കുന്നതിനു ബുദ്ധിമുട്ടായി രുന്നു എന്നാണ്. അതുപോലെതന്നെ കൊടുക്കുന്ന ലോൺ തിരിച്ചടയ്ക്കുന്ന തിനെ സംബന്ധിച്ചും അവർക്കു പരാതിയുണ്ട്. കൊടുക്കുന്ന ലോണുകളുടെ തിരിച്ചടവും വളരെ മോശമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിട ത്തോളം വ്യവസായവൽക്കരണത്തിന് ആവശ്യമായ വയബിൾ പ്രോജക്ട് ഉണ്ടാക്കി, അവരെക്കൊണ്ട് ഈ ബാങ്കിങ് സൗകര്യപ്പെടുത്താൻ ബോധപൂർവ്വ മായ ശ്രമം വേണം. പി.എം.ആർ.വൈ. ലോൺ അതാണ്. കൊടുക്കുന്ന തെല്ലാം ഒരേ തരത്തിലുള്ള 100 പ്രോജക്ട്സിനാണ്. അതിന് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്, ഖാദി ബോർഡ്, ഇങ്ങനെയുള്ള ഡിപ്പാർട്ടുമെന്റുകളെ വ്യവ സായവൽക്കരണത്തിന് കാർഷിക മേഖലയിൽ വയബിൾ പ്രോജക്ട്സ് ഉണ്ടാക്കി ബാങ്കിനെ കൊണ്ട് ബാങ്കിങ് നടത്താനുള്ള സാഹചര്യം ഒരുക്കുക യാണ് ഗവൺമെന്റ് ചെയ്യേണ്ടത്. അതിന് ഫലപ്രദമായ നടപടികൾ സ്വീകരി ക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, വളരെ പ്രസക്തമായ ഒരു പോയിന്റ് ആണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അത് എന്താണെന്ന്വച്ചാൽ റീ-പേ യിംഗ് കപ്പാസിറ്റി: ബാങ്കിന്റെ പണം കൊടുത്താൽ അത് ഇങ്ങോട്ട് അടയ്ക്കാ നുള്ള റീ-പേയിംഗ് കപ്പാസിറ്റി. ആ ലോൺ റിക്കവറി-അതനുസരിച്ചാണ് ആ പ്രോജക്ട് ബാങ്കബിൾ ആണോ അല്ലയോ എന്നു പറയുന്നത്. പ്രോജക്ട് നോക്കി അവർക്ക് ലാഭം ഉണ്ടാക്കി ഇങ്ങോട്ട് തിരിച്ചടയ്ക്കാൻ പറ്റുമോ എന്നു ള്ളതാണ്. അതാണ് അതിൽ പറയുന്നത്. അതുകൊണ്ട് ബാങ്കബിൾ പ്രോജക്ട്സ് ഉണ്ടാക്കിക്കൊടുക്കാൻ, അതിന് വേണ്ടി സാങ്കേതിക കാര്യങ്ങൾ ചെയ്യാനാണ് ഉദ്യോഗസ്ഥരെ വച്ചിട്ടുള്ളത്. അവർ അതു ചെയ്യുന്നില്ലെങ്കിൽ നിശ്ചയമായും അതു പരിശോധിച്ച്, നമ്മൾ അയയ്ക്കുന്ന പ്രോജക്ട് ബാങ്ക ബിൾ അല്ല എന്ന് പറഞ്ഞ് തള്ളാൻ കഴിയാതിരിക്കത്തക്കവണ്ണം ഫുൾ പ്രൂഫ് ആയി പ്രോജക്ടുകൾ ഉണ്ടാക്കി അയയ്ക്കാൻ, വയബിൾ, ഫീസിബിൾ, പ്രോജക്ട്സ് അയയ്ക്കാൻവേണ്ടി നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ്.

2 (*62) കൊപ്രയുടെ താങ്ങുവില ഉയർത്തുവാൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. പി. വിശ്വൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് സഹായകമാകുന്നതുമായ എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചുവോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നാളികേരത്തിന്റെ വിലയിടിവ് തടയാൻ എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുവോ; എങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ കൊപ്രയുടെ താങ്ങുവില ഉയർത്താൻ നാളികേര വികസന ബോർഡ് എന്തെങ്കിലും ശുപാർശ കേന്ദ്രത്തിന് സമർപ്പിച്ചിരുന്നുവോ;

(ഇ) എങ്കിൽ സാധാരണ കൊപ്രയ്ക്കും, ഉണ്ടക്കൊപ്രയ്ക്കും എന്തു വില വീതം പ്രഖ്യാപിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) സാധാരണ കൊപ്രയ്ക്കും, ഉണ്ടക്കൊപ്രയ്ക്കും താങ്ങുവില പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചതെന്നു വെളിപ്പെടുത്തുമോ;

(ജി) നാളികേരത്തെ ഡ്രൈഫ്രൂട്ട് ആക്കി വിൽപ്പന നടത്തുന്ന കാര്യം നാളികേര വികസന ബോർഡിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ആഭ്യന്തര വിപണിയിൽ നാളികേര ഉൽപ്പന്നങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ&ബി)നാളികേരക്കൃഷിയുടെ സമഗ്ര വികസനത്തിന് 2303.40 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(സി) സമർപ്പിച്ചിട്ടുണ്ട്. 2000-ാം മാണ്ടിലേക്ക് മില്ലിംഗ് കൊപ്രയ്ക്ക് 4100 രൂപയും ഉണ്ടക്കൊപ്രയ്ക്ക് 4300 രൂപയും താങ്ങുവില പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) സമർപ്പിച്ചിട്ടുള്ളതായി അറിയുന്നു. വിശദാംശം ലഭ്യമല്ല.

(എഫ്) ഉണ്ടക്കൊപ്രയുടെ ഉയർന്ന ഉൽപാദനച്ചെലവ് അടിസ്ഥാനമാക്കി കേന്ദ്ര സർക്കാർ ഉണ്ടക്കൊപ്രയ്ക്ക് മില്ലിംഗ് കൊപ്രയെക്കാൾ ഉയർന്ന താങ്ങുവില പ്രഖ്യാപിക്കാറുണ്ട്.

(ജി) ആധുനിക രീതിയിൽ ശാസ്ത്രീയമായി ഉൽപ്പാദിപ്പിക്കുന്ന മില്ലിംഗ് കൊപ്രയിൽ നിന്നും ഭക്ഷ്യയോഗ്യമായത് തെരഞ്ഞെടുത്ത് ഡ്രൈഫ്രൂട്ടായി വിപണനം ചെയ്യുന്നതിനുള്ള ബാധ്യത നാളികേര വികസന ബോർഡ് പരിഗണിച്ചുവരുന്നു.

(എച്ച്) വിവിധയിനം നാളികേര ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിന് കേരഫെഡിന്റെ പദ്ധതിയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെയും എൻ.സി.ഡി.സി യുടേയും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇതു നടപ്പിലാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, കേരളത്തിന്റെ മഹാഭൂരിപക്ഷം ജനങ്ങളുടേയും ജീവിത മാർഗ്ഗമാണ് നാളികേരക്കൃഷി. ആരൊക്കെ മനസ്സിലാവുന്നില്ല എന്നു നടിച്ചാലും കേന്ദ്ര ഗവൺമെന്റിന്റെ മാർക്കറ്റ് ഇക്കോണമിയുടെ ഭാഗമായിട്ടുള്ള ചില പരിഷ്ക്കാരങ്ങൾ നമ്മെ വല്ലാതെ ബാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. 1400 ഓളം സാധനങ്ങൾ സ്വതന്ത്ര ഇറക്കുമതി പട്ടികയിൽപ്പെടുത്തി യതിന്റെ കൂടെ നമ്മുടെ കൊപ്രയും, വെളിച്ചെണ്ണയുമെല്ലാം ഉൾപ്പെടുമെന്നാണ് മനസ്സിലാകുന്നത്. ഈ ഭീഷണി കേരളം എങ്ങനെയാണ് നേരിടുക എന്നതി നെക്കുറിച്ച് സമഗ്രമായ ഒരു ചർച്ച സംഘടിപ്പിക്കുന്നതിനും നാളികേരത്തിന്റെ നാട്ടിന്റെ ശക്തമായ പ്രതിഷേധം ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനും തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കേരളത്തിന്റെ പ്രതിഷേധം ഇപ്പോൾതന്നെ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിന് കർഷകരെ സജ്ജരാക്കുന്നതിന് ജില്ലതോറും കേരകർഷകരുടെ യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ചർച്ചചെയ്യാനും മാർക്കറ്റിൽ മൽസ രിക്കുന്നതിന് കേര കർഷകരെ പ്രാപ്തരാക്കുന്ന രീതിയിൽ നമ്മുടെ ഉൽപ്പാദ നക്ഷമത വർദ്ധിപ്പിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതുപോലെതന്നെ നാളികേരത്തിന്റെ വൈവിധ്യവൽക്കരണത്തിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ച് അങ്ങനെ ഈ വെല്ലുവിളിയെ നേരിടുന്നതിനു കേരളത്തിലെ കർഷകരെ സജ്ജരാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, നമ്മുടെ നാളികേര കൃഷി കേരളത്തിൽ നിന്നും മറ്റു ചില സംസ്ഥാനങ്ങളിലേക്ക് ചേക്കേറുകയാണ് എന്ന് പറയുന്നുണ്ട്. ഇവിടെ വ്യാപിക്കുന്നതിനേക്കാൾ തമിഴ്നാട്ടിലും കർണ്ണാ ടകയിലുമെല്ലാം വ്യാപിച്ച് വരുകയാണ്. അതോടൊപ്പം തന്നെ മണ്ഡരിരോഗം വന്ന് ഒരുപാട് തെങ്ങുകൾ നശിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ നാളികേ രക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൊപ്രയുടേയും മറ്റും വിപണനം ശക്തമാക്കുന്നതിനുമായി എന്തെല്ലാം സമീപനമാണ് ഈ ഗവൺമെന്റ് സ്വീക രിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, നമ്മുടെ സംസ്ഥാനത്ത് പത്തു ലക്ഷം ഏക്കറിലധികം സ്ഥലത്ത് തെങ്ങുകൃഷിയാണ് ഇപ്പോഴുള്ളത്. ആ തെങ്ങുകൃഷിയുടെ സംരക്ഷണത്തിനും വിപുലീകരണത്തിനുമായിട്ട് ഞാൻ ആദ്യം പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ഒരു പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാന ഗവൺമെന്റ് നാളികേരക്കൃ ഷിയുടെ വികസനത്തിന് വരുന്ന സാമ്പത്തിക വർഷത്തേക്ക് ഒരു പദ്ധതി തയ്യാറാക്കി വരുകയാണ്. അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ സഭയിൽ പറ യാൻ കഴിയില്ല. അങ്ങനെ ഒരു പരിപാടിക്കും ഗവൺമെന്റ് തയ്യാറാകുന്നുണ്ട്.

<u>ശ്രീ. എൻ.ആർ. ബാലൻ</u> : സർ, ശീതളപാനീയ രംഗത്ത് കൊക്കോ ക്കോളായും പെപ്സിയുമൊക്കെത്തന്നെ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്ക യാണ്. ഈ അവസരത്തിൽ ഈ മേഖലയിൽ ഏറെ സാധ്യതയുള്ള ഇളനീ രിന്റെ പ്രചാരം ശക്തിപ്പെടുത്താൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ എടുക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഇളനീരിന്റെ വിൽപന വ്യാപിപ്പിക്കുന്നതിനുള്ള പരിപാടി ഗവൺമെന്റ് ആസൂത്രണം ചെയ്തു വരിക യാണ്. നാളികേര വികസന ബോർഡിന്റെ അവരുടെ പക്കൽ ഒരു ടെക്നോ ളജി ഉണ്ട്. അതുകൂടെ ലഭ്യമാക്കിക്കൊണ്ട് അതിനുള്ള സംവിധാനത്തിനു ഗവൺമെന്റ് രൂപം നൽകും.

<u>ശ്രീ. എൻ.ആർ. ബാലൻ</u> : സർ, കേന്ദ്രത്തിൽ നാളികേര ഉൽപാദനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രോജക്ട് സംസ്ഥാനഗവൺമെന്റും നാളികേര

LIBRARY ARCHIVES Kerala Legislative Assembly

വികസന ബോർഡും സമർപ്പിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞു. അത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ചർച്ചകൾ കേന്ദ്ര ഗവൺമെന്റുമായി നടത്തിയിട്ടുണ്ടോ; അനുകൂലമായ എന്തെങ്കിലും സമീപനം കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉണ്ടായതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഈ റിപ്പോർട്ട് സമർപ്പിച്ച ശേഷം കേന്ദ്രത്തിലെ കൃഷിവകുപ്പ് മന്ത്രിയുമായി രണ്ടു വട്ടം ഈ പ്രോജക്ടിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. ആ പ്രോജക്ടിൽ, കാറ്റു വീഴ്ച വന്ന തെങ്ങുകളും കായ്ഫലമില്ലാത്ത തെങ്ങുകളും വെട്ടിമാറ്റുന്നതിന് 500 രൂപ കർഷകന് പ്രതിഫലം കൊടുക്കണം, അതുപോലെതന്നെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കൊപ്ര പ്രോസസ്സിംഗ് യൂണിറ്റ്, തുടങ്ങിയിട്ടുള്ള പദ്ധതികൾക്കു കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായമാണ് ചോദിച്ചിരിക്കുന്നത്. ആ പ്രോജക്റ്റ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന് തിരിച്ചുതന്നിരിക്കയാണ്. ആ പ്രോജക്ടിൽ, തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള 500 രൂപ എന്നുള്ളത് 300 രൂപ ആക്കുന്നതിനും കൊപ്ര പ്രോസസ്സിംഗ് യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ മാത്രം സ്ഥാപിക്കുന്നതിനും വ്യക്തികളായിട്ടുള്ള കർഷകർക്ക് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള സാമ്പത്തിക സഹായത്തിന്റെ സ്കീമിൽ ഉൾപ്പെടുത്തി തിരിച്ചു നൽകുന്നതിനുവേണ്ടി തന്നിരിക്കയാണ്.

<u>ശ്രീ. പി. വിശ്വൻ</u> : സർ, കൊപ്രയുടെ താങ്ങുവിലയാണ് ഇവിടെ പ്രശ്നം. ഒരു വർഷം 600 കോടി നാളികേരം നമ്മൾ ഉൽപാദിപ്പിക്കുന്നുണ്ട്. എട്ടു ലക്ഷം റബ്ബർ കൃഷിക്കാരാണ് കേരളത്തിൽ ഉള്ളത്. 45 ലക്ഷം നാളികേര കൃഷിക്കാരാണ്. 600 കോടി രൂപ നാളികേരം രണ്ടു രൂപ കുറഞ്ഞാൽ ഒരു കൊല്ലം 1,200 കോടി കേരളത്തിലെ സമ്പദ്ഘടനയ്ക്ക് നഷ്ടമാണ്. ഉൽപാദന ക്ഷമതാ വർദ്ധനവ്, ഉൽപാദന വർദ്ധനവ് ഇതിനനുസരിച്ച് ഈ നാളികേര കൃഷിക്കാർക്ക് അവരുടെ കൃഷിചെലവിനൊത്ത് 5,000, 5,500 എങ്കിലും തറവില നിശ്ചയിക്കാൻ (മന്ത്രി പറഞ്ഞ മറുപടി 4,500 ആണ്) സർക്കാർ നിർദ്ദേശം കൊടുക്കുമോ? അല്ലെങ്കിൽ അതിനുള്ള ഒരു പ്രോഗ്രാം സപ്പോർട്ട് ചെയ്യുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നത് നാളികേര ഉൽപാദനവുമായി ബന്ധപ്പെട്ടുവരുന്ന ഉൽപ്പാദന ച്ചെലവ് അടക്കം പരിശോധിച്ചിട്ടാണ്. ഇതിനുവേണ്ടി ഒരു പ്രൈസ് കമ്മിഷനുണ്ട്. അവർ എല്ലാ വശങ്ങളും പരിശോധിച്ചിട്ടാണ് ഓരോ വർഷവും കൊപ്രയുടെ സപ്പോർട്ട് പ്രൈസിനു ശുപാർശ ചെയ്യുന്നത്. ഈ വർഷം ഞാൻ സഭയിൽ സൂചിപ്പിച്ചതുപോലെ മില്ലിംഗ് കൊപ്രയ്ക്ക് 4100 രൂപയും ഉണ്ടക്കൊപ്രയ്ക്ക് 4300 രൂപയുമാണ് കേന്ദ്ര പ്രൈസ് കമ്മിഷൻ മുമ്പാകെ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് സമർപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. പി. വിശ്വൻ</u> : അതു ശരിയല്ല. ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ആഭ്യന്തര രംഗത്ത് നാളികേരവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ വേണം. നാളികേര കോർപ്പറേഷൻ നമുക്ക് ലിക്വിഡേറ്റ് ചെയ്യേണ്ടിവന്നു. കോഴിക്കോടു ജില്ല നാളികേരത്തിന്റെ കളിത്തൊട്ടിലാണ്. കേരഫെഡിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ വ്യവസായങ്ങൾ വരണം. ചിരട്ട ഉപയോഗിച്ച്, വിദേശ മാർക്കറ്റു കിട്ടുന്ന ആക്ടിവേറ്റഡ് കാർബൺ വരെ ഉണ്ടാക്കുന്നവൻ വ്യവസായങ്ങൾ സ്ഥാപിക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കേരഫെഡിന് നാളികേരത്തിന്റെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. അതു കേന്ദ്ര ഗവൺമെന്റിന് സമർപ്പിട്ടുണ്ട്. കോഴിക്കോട് നടുവണ്ണൂർ കേന്ദ്രമാക്കിയാണ് അതു പ്രവർത്തിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പ്രതിനിധികളുമായി ചർച്ച ചെയ്തു കഴിഞ്ഞിട്ടുണ്ട്. വളരെ വൈകാതെതന്നെ ആ യൂണിറ്റ് കോഴിക്കോട് പ്രവർത്തനമാരംഭിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഭക്ഷ്യ എണ്ണ എന്ന നിലയിൽ വെളിച്ചെണ്ണ ഉപയോഗിക്കുന്നതിനെതിരെ ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് വൻകിട ബിസിനസ് ലോബികൾ നടത്തുന്ന കുപ്രചരണം നാളികേരത്തിന്റെ ആഭ്യന്തര ഉപഭോഗത്തെ ബാധിച്ചിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ നിജസ്ഥിതി ജനങ്ങളിൽ എത്തുന്നതിനുവേണ്ടി ഗവൺമെന്റും നാളികേര വികസനബോർഡും കേരഫെഡ്ഡും സംയുക്തമായി വ്യാപകമായ പ്രചരണം നടത്തിയതിന്റെ ഫലമായി നാളികേരത്തിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിച്ചു വരുന്നുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, സർക്കാരിന്റെ പൊതുവിരുന്നുകളിലും രാജധാനിപോലുള്ള തീവണ്ടികളിലും മിനറൽ വാട്ടറിനുപകരം സംസ്ക്കരിച്ച ഇളനീർ നൽകാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ; അങ്ങനെ നാളികേരത്തിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, നാളികേര വെള്ളം കേടുവരാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിദ്യ നമുക്ക് ലഭിക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതു ലഭിച്ചാലുടൻ ബഹുമാനപ്പെട്ട. അംഗം പറഞ്ഞ സംവിധാനം ഇവിടെ ഉയർത്തിക്കൊണ്ടുവരാൻ കഴിയും.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകിയ അവസരത്തിൽ കേരളത്തിൽ പത്തുലക്ഷം ഹെക്ടർ കേരകൃഷി ഇപ്പോഴുണ്ടെന്നു പറയുകയുണ്ടായി. കൂടുതൽ സ്ഥലത്ത് നാളികേരക്കൃഷി വ്യാപിപ്പിക്കുന്നതിനും തെങ്ങിനു നിലവിലുള്ള മണ്ഡരി പോലുള്ള രോഗങ്ങൾ തടയുന്നതിനും എന്തെങ്കിലും നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; മണ്ഡരി പോലെയുള്ള രോഗങ്ങൾ തടയാൻ എന്താണ് നടപടി സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഈ സഭയിൽ പലവട്ടം പറഞ്ഞിട്ടുള്ളതാണ്. മണ്ഡരി രോഗം പ്രതിരോധിക്കുന്നതിന് ഒരു ജനകീയ മണ്ഡരി പ്രതിരോധ നടപടിക്ക് ഈ ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ ആ ജനകീയ പദ്ധതി വിപുലമായി നടത്തിവരികയാണ്. അടുത്ത സാമ്പത്തികവർഷം പ്രകൃതിക്ഷോഭം അടക്കം വൈറ്റ് അറ്റാക്ക് അടക്കം തെങ്ങിന് വരുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിന് കർഷകരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാൻ ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരാൻ ഗവൺമെന്റ് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, ഇത്തവണത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ, നെൽക്കൃഷിക്കാർക്ക് 350 രൂപ സൗജന്യമായി നൽകിക്കൊണ്ടി രുന്നത് 1000 രൂപയായി വർദ്ധിപ്പിച്ചു നൽകുമെന്ന് പറയുകയുണ്ടായി. എന്നാൽ നാളികേരക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കാറ്റുവീഴ്ചയും മണ്ഡരി രോഗവും വന്ന് മുഴുവൻ തെങ്ങുകളും നാമാവശേഷമായിപ്പോകുകയാണ്. നാളികേരത്തിന്റെ വരുമാനം കൊണ്ട് ജീവിച്ചിരുന്നയാളുകൾ ഇന്ന് അധോഗ തിയിലായിട്ടുണ്ട്. ഇവർക്കും എന്തെങ്കിലും സഹായമോ, നെൽക്കൃഷിക്കാർക്ക് പ്രഖ്യാപിച്ചതുപോലുള്ള സൗജന്യങ്ങളോ നൽകുന്നതിന് നടപടി സ്വീകരി ക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഇപ്പോൾത്തന്നെ തെങ്ങ് കൃഷിക്കാർക്ക് നാശനഷ്ടങ്ങൾക്ക് പ്രതിഫലം കിട്ടത്തക്ക രീതിയിൽ ഇൻഷ്വ റൻസ് പരിരക്ഷ കേരളത്തിലുണ്ട്. കായ്ഫലമുള്ള തെങ്ങുകളെ ഈ പുതിയ പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള സ്കീമിനു ഗവൺമെന്റ് രൂപം കൊടു ത്തുവരികയാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, കൊപ്രയുടെ താങ്ങുവില 4500 രൂപ എന്നു പറഞ്ഞു. ഇന്ന് മണ്ഡരി രോഗം തുടങ്ങിയ പ്രയാസങ്ങൾ നാളികേരക്കൃ ഷിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഡിസംബർ 29-ാം തീയതിയിലെ അസംബ്ലിയിൽനിന്നും ഒഴിവാക്കി 31 -ാം തീയതി പുറപ്പെടുവിച്ച ഓർഡിനൻസനുസരിച്ച് വെളിച്ചെണ്ണയുടെ ടാക്സ് അടക്കം മൂന്നു ശതമാനത്തിൽനിന്നും നാലു ശതമാനമാക്കി. അതും നാളി കേര കൃഷിക്കാരെ ബാധിക്കും. അതുപോലെതന്നെ ബഹുമാനപ്പെട്ട ധനകാ ര്യമന്ത്രി മാനവീയത്തിൽ ജനുവരി 1-ാം തീയതി മുതൽ രണ്ടര ശതമാനം ഫെർട്ടിലൈസർ ടാക്സും നാലുശതമാനം ഇൻസെക്ടിസൈഡ്സ് ടാക്സും കൂട്ടി. ഇതിനുപുറമെ ലീവിംഗ് ഇൻഡെക്സ് കൂടി. അതുകൊണ്ട് മിനിമം വേജസിലും വർദ്ധനവുണ്ടായി. കൃഷിക്കാർക്ക് എല്ലാ നിലയിലും ചെലവു വർദ്ധിച്ചു. ഇത് ജനുവരി 1-ാം തീയതിയാണ് നിലവിൽ വന്നത്. അതുകൊണ്ട് പ്രൈസ് കമ്മിഷൻ ഇതു കൺസിഡർ ചെയ്തിട്ടില്ല. കഴിഞ്ഞ അഞ്ചുകൊല്ല ക്കാലത്തെ ക്രോപ്പു നോക്കി അതിന്റെ ആവറേജെടുത്ത് അതിന്റെ ഗ്രോത്തെ ടുത്ത് വർക്കൗട്ട് ചെയ്ത് പ്രൈസ് കമ്മിഷൻ പ്രൊഡക്ഷനിൽ എത്തുന്നു. മണ്ഡരി ബാധകാരണം പ്രൊഡക്ഷൻ ഇവിടെ വളരെ കുറഞ്ഞു. അതുകൊണ്ട് കൃഷിക്കാർക്ക് ഭീമമായ നഷ്ടം വന്നിരിക്കുന്നു. അതുകൊണ്ട് 5500 രൂപയെ ങ്കിലും തറവില നിജപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഇപ്പോഴത്തെ നികുതി ഏകീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരു ഓർഡിനൻസ് ഗവൺമെന്റിന് ഇറക്കേണ്ടി വന്നത്, ഇതുപോലൊരു സമീപനം സ്വീകരി ക്കേണ്ടി വന്നത്. അതിൽ കൃഷിക്കാർക്ക് എന്തെങ്കിലും പ്രത്യേകിച്ച് പ്രതികൂല മായിട്ടുള്ള സ്ഥിതി വിശേഷം ഉണ്ടെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് അവരു മായിട്ട് ആലോചിക്കുന്നതാണ്. കൊപ്രയുടെ സപ്പോർട്ട് പ്രൈസ് നവംബർ മാസത്തിലാണ്. നിശ്ചയിക്കുന്നതിന് ശരാശരി നമ്മുടെ ഉൽപ്പാദനച്ചെലവു മായി ബന്ധപ്പെടുത്തിക്കൊണ്ട് താങ്ങുവില ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. കേന്ദ്രഗവൺമെന്റാണ് കൊപ്രയുടെ സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുന്നത്. ബഹുമാനപ്പെട്ട ആര്യാടൻ നിർദ്ദേശിച്ചത് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ മുമ്പാകെ മുമ്പും സമർപ്പിച്ചിട്ടുണ്ട്. വീണ്ടും സമർപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : നാളികേര കൃഷിക്കാരെ എക്കാലവും കേന്ദ്ര ഗവൺമെന്റ് ദ്രോഹിച്ച അനുഭവമാണ് നമ്മൾക്കുള്ളത്. 1996-98 കാലത്ത് നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേന്ദ്രത്തിൽ മന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ അദ്ദേഹം ഉൾപ്പെടെയുള്ള ഒരു സബ്കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചാണ് കൊപ്രയ്ക്ക് അന്ന് മാർക്കറ്റിൽ ഏറ്റവും മെച്ചപ്പെട്ട വില ലഭിച്ചിരുന്ന ഘട്ടത്തിൽ 2150 രൂപ മാർക്കറ്റ് വിലയേക്കാൾ ഏതാണ്ട് പകുതി വിലയ്ക്ക് താങ്ങുവില നിശ്ചയിച്ച് നാളികേരക്കൃഷിയൊക്കെ തകർത്തത്. അത് മനോരമ പത്രം അന്ന് റിപ്പോർട്ട് ചെയ്തതാണ്. എക്കാലവും കേന്ദ്ര ഗവൺമെന്റിന്റെ സമീപനം അതാണ്. ആര് അവിടെ ഇരുന്നാലും, ഞാൻ സൂചിപ്പിക്കുന്നത് കേരളത്തിലെ എല്ലാ എം.പി. മാരേയും യോജിപ്പിച്ചുകൊണ്ട് കേരളത്തിൽ ഇപ്പോൾ സ്ഥിര താമസമാക്കിയിട്ടുള്ള കേന്ദ്രമന്ത്രിയെ അടക്കം യോജിപ്പിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ നമ്മൾ ആവശ്യപ്പെട്ട താങ്ങുവില നേടിയെടുക്കുന്നതിനുള്ള ശക്തമായ ഒരു സമ്മർദ്ദം നടത്താൻ ബഹുമാനപ്പെട്ട കൃഷി മന്ത്രി മുൻകൈയ്യെടുക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കഴിഞ്ഞ കുറേ വർഷങ്ങളായിട്ട് സംസ്ഥാന ഗവൺമെന്റ് കൊപ്രയുടെ സപ്പോർട്ട് പ്രൈസിനു വേണ്ടി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളതിന്റെ റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റുകൾ ഓരോ വർഷവും പ്രഖ്യാപിച്ചിട്ടുള്ള സപ്പോർട്ട് പ്രൈസിന്റെ വിവരങ്ങളും ഗവൺമെന്റിന്റെ പക്കലുണ്ട്. അതൊക്കെ സ്വയം സംസാരിക്കുന്ന കണക്കുകളാണ് ബഹുമാനപ്പെട്ട വൈദ്യർ സൂചിപ്പിച്ചതുപോലെ ഈ കാര്യത്തിൽ എം.പി. മാരെ യോജിപ്പിച്ച് കേന്ദ്ര കൃഷിവകുപ്പു മന്ത്രിയേയും ബന്ധപ്പെട്ടവരേയും കാണുന്നതിനും ഒരു ഉയർന്ന താങ്ങുവില നമുക്ക് ലഭ്യമാകുന്നതിനും സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന അളവിൽ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനും തയ്യാറാണ്.

<u>ശ്രീ. സി. മോയിൻകുട്ടി</u> : നാളികേര കർഷകന്റെ സാമ്പത്തികമായി നടുവൊടിഞ്ഞ കാര്യങ്ങൾ ഇവിടെ വളരെ വിശദമായി സംസാരിച്ചു. ഇളനീരിനും, അതുപോലെ നാളികേരത്തിനും അനുബന്ധ ഉൽപ്പന്നങ്ങൾക്കും വിദേശത്ത് മാർക്കറ്റ് കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും ശ്രമം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്ന് വിശദീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : വെളിച്ചെണ്ണ വിദേശത്ത് വിൽപ്പന നടത്തുന്നതിന് കേരഫെഡ് ഗൾഫ് മേഖലയിൽ ഒരു സംവിധാനം ഉണ്ടാക്കി ഇപ്പോൾ അത് നടത്തി വരികയാണ്. അതുപോലെ തന്നെ കേരഫെഡിന്റെ ആഭിമുഖ്യത്തിൽ വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അതിനും ഗൾഫ് മേഖലയിലെ മാർക്കറ്റ് കണ്ടുപിടിക്കുന്നതിനുള്ള ശ്രമം ഇപ്പോൾ തന്നെ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. ടി.കെ. ബാലൻ</u> : കേരളത്തിലെ നാളികേരം കേന്ദ്രത്തിന്റെ എണ്ണക്കുരു ലിസ്റ്റിൽ ഉൾപ്പെടുത്തി. അത് സംബന്ധമായ ആനുകൂല്യങ്ങൾ നമുക്ക് ലഭിക്കുന്നുണ്ടോ; ഇത് സംബന്ധമായിട്ടുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാന്യനായ ശ്രീ. വി.പി. സിംഗ് നമ്മുടെ പ്രധാനമന്ത്രിയായിരുന്ന ഘട്ടത്തിലാണ് നാളികേരം എണ്ണക്കുരുവായിട്ട് പ്രഖ്യാപിച്ചത്. പക്ഷേ ഇത് ഒരു വൃക്ഷവിളയായതുകൊണ്ട് യഥാർത്ഥ എണ്ണക്കുരുക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ വൃക്ഷവിള എന്ന നിലയ്ക്ക് നാളികേരത്തിന് ലഭ്യമാകുന്നതിന് പ്രയാസങ്ങളുണ്ട്. പക്ഷേ അതിനെ തുടർന്നാണ് ഇപ്പോൾ നാളികേര വികസന ബോർഡ് വർഷം തോറും നമുക്ക് 8 കോടി രൂപ നാളികേര കൃഷിയുടെ സംരക്ഷണത്തിനു വേണ്ടി നൽകിവരുന്നത്. അന്ന് ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റ് നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിച്ചതിനെ തുടർന്നാണിത്.

ശ്രീ. ജോണി നെല്ലൂർ : നാളികേരത്തിന്റെ താങ്ങുവില സംബന്ധിച്ച് മന്ത്രി നൽകിയ ഉത്തരവുമായി ബന്ധപ്പെട്ടുതന്നെ ഇപ്പോൾ കേരളത്തിൽ വ്യാപകമായി ബാധിച്ചിരിക്കുന്ന മണ്ഡരി രോഗത്തെ തടയുവാൻ നമ്മുടെ ഗവൺമെന്റ് ഏതാണ്ട് 19 കോടി രൂപ ചെലവഴിച്ചതായി മന്ത്രിയുടെ ഉത്തരത്തിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഈ കാര്യത്തെ സംബന്ധിച്ച് നാളിതുവരെ ഏതെല്ലാം ജില്ലകളിൽ എത്ര തുക ചെലവഴിച്ചു; നാളികേരക്കൃഷിക്കാരെ സംരക്ഷിക്കുവാൻ വേണ്ടി ഓരോ ജില്ലയിലും ഗവൺമെന്റ് ചെലവഴിച്ച തുക എത്ര; എത്ര തെങ്ങുകൾക്ക് മരുന്ന് തളിച്ചു എന്നുള്ള കാര്യം വെളിപ്പെടുത്താൻ കഴിയുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : എന്റെ കൈയിൽ അതിന്റെ ഉത്തരം ഇല്ല. പ്രത്യേക ചോദ്യം തന്നാൽ ബഹു. മെമ്പർക്ക് മറുപടി കൊടുക്കാം. അല്ലെങ്കിൽ ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ തന്നെ മെമ്പർക്ക് കൃത്യമായിട്ട് ജില്ല തിരിച്ചുള്ള കണക്ക് നൽകാം.

3 (*63) കർഷക രക്ഷാ പദ്ധതി

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കൃഷിക്കാർക്കായുള്ള കർഷകരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) കർഷകരക്ഷാ പദ്ധതിയിൽ അംഗമാകുന്നതിന് നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്ത് കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷിനടത്തുന്ന കർഷകർക്ക് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(എഫ്) കർഷകരക്ഷാ പദ്ധതിയിൽ അംഗമാകുന്നവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly